# മതസ്വാതന്ത്ര്യം സംബന്ധിച്ച പ്രഖ്യാപനം

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**വ**ത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ പ്രഖ്യാപനങ്ങളുടെ ഗണത്തിൽ മൂന്നാമത്തേതാണു മതസ്വാതന്ത്ര്യം സംബന്ധിച്ചുള്ളത്. കൗൺസിൽ സമാപനത്തിന്റെ തലേന്നാളായ 1965 ഡിസംബർ 07–ാം തീയതിയാണ് ഈ രേഖ ഔദ്യോഗികമായി പ്രസിദ്ധീകൃതമാകുന്നത്. ദിഗ്നിത്താത്തിസ് ഹൂമാനെ (Dignitatis Humanae = മനുഷ്യന്റെ മഹത്ത്വം) എന്നാണ് ഈ പ്രഖ്യാപനത്തിന്റെ ലത്തീൻ നാമം. മനുഷ്യവ്യക്തിയുടെ മഹത്ത്വത്തിൽ അധിഷ്ഠിതമായ മനഃസാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഓരോ വ്യക്തിക്കും ജന്മാവകാശം പോലെ പ്രധാനപ്പെട്ടവയാണ് എന്നു കൗൺസിൽ പിതാക്കന്മാർ ഈ രേഖയിലൂടെ പരസ്യമായി പ്രഖ്യാപിച്ചു. ജോൺ 23–ാമൻ മാർപാപ്പായുടെ ''ഭൂമിയിൽ സമാധാനം'' എന്ന ചാക്രികലേഖനത്തിന്റെ തുടർച്ചയും പൂർത്തീകരണവും നാം ഈ രേഖയിൽ കാണുന്നു.

## പ്രധാനചിന്തകൾ

**1. മതസ്വാതന്ത്ര്യം ഓരോവ്യക്തിയുടെയും ജന്മാവകാശമാണ്:**

മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങളിലൊന്നാണു മതസ്വാതന്ത്ര്യം എന്നു പഠിപ്പിക്കുന്ന ഈ പ്രമാണരേഖ അതിനെ നന്നായി നിർവ്വചിക്കുന്നുമുണ്ട്. ''വ്യക്തികളിൽനിന്നോ സമുദായവിഭാഗങ്ങളിൽനിന്നോ മറ്റേതെങ്കിലും മാനുഷികാധികാരികളിൽ നിന്നോ ഉണ്ടായേക്കാവുന്ന സമ്മർദ്ദങ്ങളിൽ നിന്ന് എല്ലാ മനുഷ്യരും വിമുക്തരായിരിക്കുന്നു എന്നതിലാണ് ഈ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്. അതായതു മതകാര്യങ്ങളിൽ സ്വന്തം മനഃസാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ ആരും നിർബന്ധിക്കപ്പെടരുത്. അതുപോലെതന്നെ ന്യായമായ പരിധിക്കുള്ളിൽ നിന്നുകൊണ്ടു രഹസ്യമായോ പരസ്യമായോ, തനിച്ചോ കൂട്ടുചേർന്നോ സ്വന്തം ബോധ്യമനുസരിച്ചു വ്യാപരിക്കുന്നതിൽനിന്ന് ആരെയും തടയുവാൻ ആർക്കും അവകാശമില്ല'' (n.2). സത്യത്തെ അന്വേഷിക്കുവാനും കണ്ടെത്തുന്ന സത്യത്തെ ആശ്ലേഷിക്കുവാനും അതിന്റെ വെളിച്ചത്തിൽ ജീവിതം ക്രമീകരിക്കുവാനും എല്ലാ മനുഷ്യർക്കും അവകാശമുണ്ട്. മനുഷ്യന്റെ വസ്തുനിഷ്ഠമായ മനുഷ്യപ്രകൃതിയിലാണു മതസ്വാതന്ത്ര്യത്തിനുള്ള അവകാശം അധിഷ്ഠിതമായിരിക്കുന്നത്. മനുഷ്യവ്യക്തിക്ക് എന്നതുപോലെതന്നെ വ്യക്തികൾ ഉൾക്കൊള്ളുന്ന മതസമൂഹങ്ങൾക്കും മതസ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട് (n.4). ഓരോ

മതസമൂഹത്തിനും അവരവരുടെ നിയമങ്ങൾക്കനുസരിച്ചു തങ്ങളെത്തന്നെ ഭരിക്കുവാനും ദൈവാരാധന നടത്തുവാനും വിശ്വാസം പരസ്യമായി പ്രഘോഷിക്കുവാനും സ്വാതന്ത്ര്യമുണ്ട്. കുടുംബത്തിൽ മതവിശ്വാസം ക്രമീകരിക്കുവാനും ഇളം തലമുറയ്ക്കു മതാത്മകരൂപവത്കരണം നല്കത്തക്കരീതിയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ തിരഞ്ഞെടുക്കുവാനും മാതാപിതാക്കൾക്ക് അവകാശമുണ്ട് (n.5). എന്നാൽ മതസ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുവാൻ വേണ്ട പരിശീലനം എല്ലാ വ്യക്തികൾക്കും നല്കേണ്ടതുണ്ട്.

**2.വ്യക്തിമാഹാത്മ്യമാണു മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം:**

സ്വതന്ത്ര മതാനുഷ്ഠാനത്തിനുള്ള അവകാശം മനുഷ്യന്റെ വ്യക്തിമാഹാത്മ്യ ത്തിലധിഷ്ഠിതമാണ് (n.2). വ്യക്തിമാഹാത്മ്യമാകട്ടെ അവന്റെ മനഃസാക്ഷി സ്വാതന്ത്ര്യത്തോടു ബന്ധപ്പെട്ടുനില്ക്കുന്നു (n.3). മനുഷ്യൻ മനഃസാക്ഷിയിലൂടെയാണ് സനാതനവും വസ്തുനിഷ്ഠവും സാർവ്വത്രികവുമായ ദൈവികനിയമങ്ങൾ അനുസരിച്ചുള്ള കടമകൾ അംഗീകരിച്ചറിയുന്നത്. സുവിശേഷ സത്യങ്ങളും തിരുസഭയുടെ പ്രബോധനങ്ങളും മനഃസാക്ഷിരൂപവത്കരണത്തിനു നമ്മെ ഏറെ സഹായിക്കുന്നുണ്ട്.

**3. മതസ്വാതന്ത്ര്യവും രാഷ്ട്രവും:**

മതസ്വാതന്ത്ര്യം സംരക്ഷിക്കുവാനുള്ള പൊതുചുമതല അതതു രാഷ്ട്രങ്ങൾക്കും അവയെ ഭരിക്കുന്ന ഗവൺമെന്റുകൾക്കുമുണ്ട്. ഏതു ഗവൺമെന്റിന്റെയും ഒന്നാമത്തെ കർത്തവ്യമാണിത് (n.6). അതിനാവശ്യമായ നിയമങ്ങളും അനുകൂല സാഹചര്യങ്ങളും ഓരോ രാജ്യത്തുമുണ്ടാകണം. ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ ഏതെങ്കിലും മതം സ്വീകരിക്കുവാനോ പരിത്യജിക്കുവാനോ ജനങ്ങളെ പ്രേരിപ്പിക്കുവാൻ ഒരു സർക്കാരിനും അവകാശമില്ല. എന്നാൽ മതസ്വാതന്ത്ര്യത്തിന് അതിർവരമ്പുകളുണ്ടെന്ന കാര്യവും കൗൺസിൽ പിതാക്കന്മാർ ഓർമ്മിപ്പിക്കുന്നു (n.7). എല്ലാ സ്വാതന്ത്ര്യവും കൈകാര്യം ചെയ്യുന്നതിൽ വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വത്തിന്റെ ധാർമ്മികതത്ത്വം പാലിക്കേണ്ടതാണ്.

**4. മതസ്വാതന്ത്ര്യവും സഭയും:**

മനുഷ്യരക്ഷയിൽ ശ്രദ്ധിക്കുവാനാവശ്യമായ എല്ലാ സ്വാതന്ത്ര്യവും സഭയ്ക്കുണ്ട്. ഈ സ്വാതന്ത്ര്യം പവിത്രമാണ് (n.13). സമുദായമധ്യത്തിലും ഗവൺമെന്റിന്റെ മുമ്പിലും മിശിഹാ സ്ഥാപിച്ച ഒരു ആദ്ധ്യാത്മിക ശക്തിയായി സഭ എന്നും നിലകൊള്ളുന്നു. അതിനാൽ സഭാസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും പരസ്പരം ചേർന്നുപോകുന്ന കാര്യങ്ങളാണ്. ഈ മതസ്വാതന്ത്ര്യം വ്യക്തിമാഹാത്മ്യത്തിലെന്നപോലെ ദൈവിക വെളിപാടിലും

അധിഷ്ഠിതമാണ് (n.9). അരൂപിയിലും സത്യത്തിലും തനിക്കു ശുശ്രൂഷചെയ്യുവാൻ വേണ്ടിയാണ് ദൈവം മനുഷ്യരെ വിളിക്കുന്നത്. ഈശോമിശിഹായിലൂടെയാണ് ഇതു വെളിവാക്കപ്പെടുന്നത്. വചനവും മാതൃകയും വഴി ഈശോ സത്യത്തിന്റെ വഴി ശ്ലീഹന്മാരെ പഠിപ്പിച്ചു. ശ്ലീഹന്മാരാകട്ടെ ഗുരുവിന്റെ ദൗത്യം വിശ്വസ്തതയോടെ തുടർന്നു. ഈശോയുടെയും ശ്ലീഹന്മാരുടെയും കാലടികളെയാണു സഭയും പിന്തുടരുന്നത്. മതവിശ്വാസകാര്യങ്ങളിൽ യാതൊരു മാനുഷികസമ്മർദ്ദങ്ങളും പാടില്ലെന്നും ക്രിസ്തീയവിശ്വാസം സ്വീകരിക്കുവാൻ ആരെയും നിർബന്ധിക്കരുതെന്നുമുള്ള സഭയുടെ പരമ്പരാഗത പ്രബോധനം കൗൺസിൽ പിതാക്കന്മാർ ഇവിടെ അനുസ്മരിക്കുന്നുണ്ട് (n.12).

**5. ഈശോമിശിഹായുടെയും തിരുസഭയുടെയും അനന്യത**:

മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനങ്ങൾ ഊന്നിപ്പറയുമ്പോഴും ഈശോമിശിഹായിലൂടെ വെളിവാക്കപ്പെട്ട മതാത്മകപുണ്യത്തിന്റെ അനന്യത കൗൺസിൽ പിതാക്കന്മാർ പ്രത്യേകം എടുത്തുപറയുന്നുണ്ട് (n. 11). മനുഷ്യമക്കൾക്കു രക്ഷയും നേരായ സ്വാതന്ത്ര്യവും അവിടുന്ന് പ്രദാനം ചെയ്തു. സത്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്തു. സത്യത്തെ ആരുടെയും മേൽ അവിടുന്ന് അടിച്ചേല്പിച്ചില്ല. മറിച്ചു സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടും സത്യത്തിനു ചെവികൊടുത്തു കൊണ്ടുമാണ് ഈശോ തന്റെ കർത്തൃത്വം സ്ഥാപിച്ചത്. ഈശോ സ്ഥാപിച്ച തിരുസഭയാകട്ടെ ലോകത്തിന്റെ മുമ്പിൽ എന്നും ഒരു ആദ്ധ്യാത്മികശക്തിയായി നിലകൊള്ളുന്നു. എല്ലാ ജനതകളെയും പഠിപ്പിക്കുക എന്ന ദൗത്യത്തിൽ നിന്ന് അവൾ പിന്മാറുന്നുമില്ല (n.13). ദൈവം മനുഷ്യരാശിയെ ഈശോവഴി അറിയിച്ച ഏകസത്യമതം കാതോലികവും ശ്ലൈഹികവുമായ തിരുസഭയിൽ സ്ഥിതിചെയ്യുന്നു എന്ന സത്യം ഒരിക്കൽക്കൂടി കൗൺസിൽ പിതാക്കന്മാർ ഈ രേഖയിലും ഊന്നിപ്പറയുന്നുണ്ട് (n.1).

സമകാലീനസമൂഹത്തിലെ പല പ്രശ്നങ്ങളുടെയും നേർക്കു കത്തോലിക്കാസഭ തിരിച്ചുപിടിച്ചിരിക്കുന്ന മുഖക്കണ്ണാടിയാണ് മതസ്വാതന്ത്ര്യവും മനഃസാക്ഷിസ്വാതന്ത്ര്യവും സംബന്ധിച്ച ഈ പ്രഖ്യാപനം. വ്യക്തികളെയും മതവിശ്വാസങ്ങളെയും ആദരിക്കുവാനും പരിഗണിക്കുവാനും ഈ രേഖ നമ്മെയും ക്ഷണിക്കുന്നു.